# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 9, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

(ആകെ ചോദ്യങ്ങൾ - 30)

| |
|---|
| മറുപടി നൽകുന്ന മന്ത്രിമാർ |
| ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

### പട്ടിണിമരണങ്ങളും കൃഷിഭൂമി ഏറ്റെടുക്കലും

*601 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ഇടയിൽ പട്ടിണിമരണങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പട്ടിണിമരണം തടയുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) തരിശിട്ടിരിക്കുന്ന ഭൂമി ഏറ്റെടുത്ത് ആദിവാസികൾക്ക് കൃഷിക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വൈദ്യുതിയുടെ ലഭ്യതയും ഉപഭോഗവും</u>

*602 ശ്രീ. ജി. എസ്. ജയലാൽ
,, പി. തിലോത്തമൻ
,, വി. ശശി
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിന്റെ വാർഷിക വർദ്ധനവ് ശരാശരി എത്ര ശതമാനമാണ്; ഓരോ വർഷവും അധികം ആവശ്യമായ വൈദ്യുതിയുടെ അളവ് എത്ര; 2013-14 ലെ മൊത്തം ആവശ്യമായ വൈദ്യുതിയുടെ അളവ് എത്ര;

(ബി) കേരളത്തിനു പുറത്തുള്ള സ്വകാര്യ വൈദ്യുതിക്കമ്പനികളിൽനിന്ന് എത്ര വൈദ്യുതി വാങ്ങുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) കേരളത്തിനു പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ അളവെത്ര;

(ഡി) ദക്ഷിണഗ്രിഡിൽ നിന്ന് എത്ര വൈദ്യുതി കേരളത്തിൽ എത്തുന്നുണ്ട്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണെന്നുള്ളത് വസ്തുതയാണോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതുതായി എത്ര യൂണിറ്റ് വൈദ്യുതി ഇവയിൽ ഉൽപാദിപ്പിക്കുന്നുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

### കാഴ്ചബംഗ്ലാവുകൾ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതി

*603 ശ്രീ. എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഴ്ചബംഗ്ലാവുകൾ കൂടുതൽ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ചുകൊണ്ടുള്ള എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ വിനോദസഞ്ചാര വകുപ്പുമായി കൂടിയാലോചിച്ച് കാഴ്ചബംഗ്ലാവുകൾ ആകർഷകവും വിജ്ഞാനദായകവുമാക്കി മാറ്റുന്നതിനുള്ള പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ലോട്ടറി ചൂതാട്ടം</u>

*604 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ബി. ഡി. ദേവസ്സി
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറിയെ ചൂതാട്ടത്തിനായി ഉപയോഗപ്പെടുത്തുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാന ലോട്ടറിയെ ഇത്തരത്തിൽ ഉപയോഗപ്പെടുത്തുന്നത് സംസ്ഥാന ലോട്ടറിയെ തകർക്കുന്നതിനുള്ള ഗൂഢനീക്കത്തിന്റെ ഭാഗമാണെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാന ലോട്ടറി വില്പന മാഫിയകൾ ഈ നീക്കത്തിന്റെ പിന്നിലുണ്ടോയെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിനകത്തും പുറത്തും സംസ്ഥാന ലോട്ടറിയെ മറ്റേതെല്ലാം തരത്തിൽ ദുരുപയോഗം ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) മാഫിയകൾ ലോട്ടറി ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും ലോട്ടറി സംവിധാനം കുറ്റമറ്റതാക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>പാസഞ്ചർ വാഹനങ്ങളിലൂടെയും ജയിൽ വഴിയുമുള്ള അനധികൃത ചരക്ക് കടത്ത്</u>

*605 ശ്രീ. സി.പി. മുഹമ്മദ്
,, എം.എ. വാഹീദ്
,, സണ്ണി ജോസഫ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാസഞ്ചർ വാഹനങ്ങളിലും ട്രെയിനുകളിലും അനധികൃതമായി സാധനങ്ങൾ കടത്തുന്നത് തടയാൻ എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് കണ്ടെത്തി സാധനങ്ങൾ കടത്തുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ വകുപ്പിൽ എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിനെതിരെ കർശന നടപടി എടുക്കാൻ വകുപ്പിനെ ശക്തിപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി</u>

*606 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ പണം അടച്ചിട്ടും വനം വകുപ്പിന്റെ എതിർപ്പുമൂലം ആദിവാസി കുടികളിലേക്ക് വൈദ്യുതി കണക്ഷൻ നല്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുർബല വിഭാഗങ്ങളിൽപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ ''യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്''

*607 ശ്രീ. വി.ഡി. സതീശൻ
,, കെ. അച്ചുതൻ
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും കുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ ''യംഗ് എന്റർപ്രണേഴ്സ് സമ്മിറ്റ്'' നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഐ.ടി. മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും യുവ സംരംഭകർക്ക് അവസരമൊരുക്കാൻ സമ്മിറ്റ് എത്ര മാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) ആരെല്ലാമാണ് ഈ സമ്മിറ്റുമായി സഹകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സമ്മിറ്റിന്റെ പ്രചരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി</u>

*608 ശ്രീ. റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൻകീഴിൽ വരുന്ന KSFE, KFC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളിലൂടെ കൂടുതൽ വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങൾ വഴി നൽകുന്ന ലോണുകളുടെ പലിശ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഒരു ശതമാനം എങ്കിലും പലിശ ഇളവ് ചെയ്തു നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

## ഓൺലൈൻ സേവനങ്ങൾ

*609 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈൻ വഴി നൽകുന്ന പദ്ധതി വൈദ്യുതി ബോർഡ് വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>സംരംഭക ഉച്ചകോടി</u>

*610 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ഇ.കെ. വിജയൻ
ശ്രീമതി ഇ.എസ്. ബിജിമോൾ
,, ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംരംഭക ഉച്ചകോടി സംഘടിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ ഉച്ചകോടിയിൽ എന്തെല്ലാമാണുൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആഗോള നിക്ഷേപക സംഗമം, എമർജിംഗ് കേരള തുടങ്ങിയ പദ്ധതികളിൽ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിലയിരുത്തുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്താന്‍ നടപടി</u>

*611 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)
,, പി.കെ. ഗുരുദാസന്‍
,, സി. കൃഷ്ണന്‍
ഡോ. കെ.ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരമ്പരാഗത വ്യവസായമായ ഖാദി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ഈ സര്‍ക്കാര്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഖാദി മേഖലയില്‍ പ്രഖ്യാപിച്ച നവീകരണപ്രവൃത്തികള്‍ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായ പ്രതിസന്ധി കാരണം ദുരിതമനുഭവിക്കുന്ന ഈ മേഖലയിലെ തൊഴിലാളികള്‍ക്കും അവരുടെ കുടുംബങ്ങള്‍ക്കും താല്‍ക്കാലിക ആശ്വാസം നല്‍കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഖാദിമേഖലയില്‍ നിന്നുള്ള ഉല്പന്നങ്ങള്‍ക്ക് വിപണി കണ്ടെത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

ധാതുസമ്പത്തുക്കളുടെ ഖനനം

*612 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ
,, പി. ഉബൈദുള്ള
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭകരമായി ഖനനം നടത്താവുന്ന ധാതുസമ്പത്തുക്കളെക്കുറിച്ച് അവയുടെ പരമാവധി ലഭ്യതയെക്കുറിച്ചും പഠനം നടത്തി റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ;

(ബി) ഇത്തരം ധാതുക്കളുടെ ഖനനത്തിലും സംസ്ക്കരിച്ച് വിപണനം നടത്തുന്നതിലും പ്രശ്നങ്ങളെന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചുട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ലാഭകരമായി ഖനനം ചെയ്യാവുന്ന വിധത്തിൽ സ്വർണ്ണം, ജെം എന്നിവയുടെ നിക്ഷേപം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>വ്യവസായം ആരംഭിക്കാത്തവരുടെ ഭൂമി തിരിച്ചു പിടിക്കാൻ നടപടി</u>

*613 ശ്രീ. റ്റി. വി. രാജേഷ്
,, പി.റ്റി. എ. റഹീം
,, കെ. ദാസൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭത്തിനായി അനുവദിച്ചു നൽകിയ ഭൂമിയിൽ നിശ്ചിത കാലയളവിനു ശേഷവും വ്യവസായം ആരംഭിക്കാത്തവരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കണമെന്ന ഉത്തരവ് പാലിക്കുന്നതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ച ഭൂമിയിൽ വ്യവസായം ആരംഭിക്കാതെയോ പൂട്ടിപ്പോയതോ ആയ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ഡി) വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമിയിൽ നിശ്ചിത കാലയളവിൽ വ്യവസായം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും അടച്ചു പൂട്ടിയവരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) സമർപ്പിച്ച പദ്ധതികൾക്കല്ലാതെ അനുവദിച്ച ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണ</u>

*614 ശ്രീ. കെ. കെ. നാരായണൻ
,, ഇ. പി. ജയരാജൻ
,, ജെയിംസ് മാത്യു
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ പകുതി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ധാരണയനുസരിച്ച് ആദിവാസികൾക്ക് ജോലി നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള ജോലിക്കാരിൽ എത്ര പേർ ആദിവാസി വിഭാഗത്തിലുള്ളവരാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഫാമിൽ നിന്നുള്ള വരുമാനത്തിന്റെയും മറ്റും കണക്കെടുപ്പ് ശരിയായ രീതിയിൽ നടത്താറുണ്ടോ ; ഏറ്റവും ഒടുവിലത്തെ വരവ് ചെലവ് കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഫാമിലെ കശുവണ്ടി സംഭരണം ഇപ്പോൾ ആരെയാണ് ഏല്പിച്ചിട്ടുള്ളത് ; കാപ്പക്സ് കശുവണ്ടി ശേഖരിച്ചിരുന്ന കാലത്തേക്കാൾ വളരെ ചെറിയ ശതമാനം മാത്രമേ ഇപ്പോൾ ശേഖരിക്കുന്നുള്ളൂ എന്നതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സഹകരണ വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കാൻ നടപടി</u>

*615 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ വിജിലൻസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) സഹകരണ വിജിലൻസ് വിഭാഗം പുന:സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനത്തിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കാർഷിക കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി

*616 ഡോ. എൻ. ജയരാജ്
ശ്രീ. എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്ന് കാർഷിക വായ്പയെടുത്തവരും കൃഷിനാശത്തെ തുടർന്ന് തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരെ സാമ്പത്തികമായി സഹായിക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(ബി) ഇപ്രകാരം സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തവരും മരണം സംഭവിച്ചതുമൂലം തിരിച്ചടവ് മുടങ്ങിയവരുമായ കർഷകരുടെ കടങ്ങൾ എഴുതി തള്ളുന്നതിന് നടപടി സ്വീകരിയ്ക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

കെൽടെക്ക് ബ്രഹ്മോസിന് കൈമാറുമ്പോഴുണ്ടാക്കിയ ധാരണ

*617 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എളമരം കരീം
,, കെ. കെ. ജയചന്ദ്രൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെൽടെക്കിന്റെ ആസ്തിയും മറ്റും ബ്രഹ്മോസിന് കൈമാറുമ്പോഴുണ്ടാക്കിയ ധാരണകൾ പാലിക്കപ്പെടുന്നുണ്ടോ;

(ബി) കെൽടെക് കൈമാറുന്ന സമയത്തുണ്ടാക്കിയ ധാരണകൾ വിശദമാക്കാമോ;

(സി) ബ്രഹ്മോസ് മിസൈലിന്റെ ഭാഗങ്ങൾ നിർമ്മിക്കാൻ സാധിക്കുന്ന തരത്തിൽ കെൽടെക്കിനെ ഉയർത്തിക്കൊണ്ടുവരുന്ന വാഗ്ദാനം എത്രത്തോളം പാലിക്കപ്പെടുന്നുണ്ട്;

(ഡി) സ്ഥാപിതസമയത്തുണ്ടാക്കിയ ധാരണകൾക്കനുസരിച്ച് ബ്രഹ്മോസ് പ്രാവർത്തികമാക്കുന്നതിനുള്ള തുടർനടപടികളുടെ കാര്യത്തിൽ സംസ്ഥാന സർക്കാർ അലംഭാവം കാട്ടിയിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>ലിക്വിഡേഷൻ ഭീഷണി നേരിടുന്ന സഹകരണ സംഘങ്ങൾ</u>

*618 ശ്രീ. പി. ഉബൈദുള്ള
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ. ഷംസുദ്ദീൻ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നഷ്ടത്തിലേയ്ക്ക് പോകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര സംഘങ്ങൾ ലിക്വിഡേഷൻ ഭീഷണി നേരിടുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നഷ്ടത്തിൽ നിന്നും ഇവയെ കരകയറ്റുന്നതിനും, സഹകാരികൾക്ക് ആശ്രയിക്കാവുന്ന സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും എന്തൊക്കെ ചെയ്യാനാവുമെന്ന കാര്യം പരിശോധക്കുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ്ജ യൂണിറ്റുകൾ</u>

*619 ശ്രീ. സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്
,, കെ. മുരളീധരൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ശൃംഖലയുമായി ബന്ധിപ്പിക്കാതെ സ്വതന്ത്രമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സൗരോർജ യൂണിറ്റുകൾക്ക് പ്രോത്സാഹന സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ എന്തെല്ലാം നടപടികളാണ് നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത യൂണിറ്റുകൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രോത്സാഹനങ്ങൾ നൽകാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

**കേരള നിയമസഭ**
**09.07.2014-ലെ മറുപടിക്ക്**

<u>സര്‍ക്കാര്‍ പണമിടപാടുകള്‍ക്ക് ആധുനിക സംവിധാനങ്ങള്‍</u>

*620 ശ്രീ. കെ.എന്‍.എ. ഖാദര്‍
,, സി. മോയിന്‍കുട്ടി
,, കെ. എം. ഷാജി
,, അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകള്‍ തമ്മിലും, പൊതുമേഖലാസ്ഥാപനങ്ങളുമായുള്ള ധനപരമായ ഇടപാടുകള്‍ ഇപ്പോഴും, ക്യാഷ്,ഡി.ഡി സംവിധാനങ്ങള്‍ ഉപയോഗപ്പെടുത്തിയാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കമ്പ്യൂട്ടര്‍വത്ക്കരണം സമ്പൂര്‍ണ്ണമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില്‍ സര്‍ക്കാര്‍ പണമിടപാടുകള്‍ക്ക് മെയില്‍ ട്രാന്‍സ്ഫര്‍ പോലുള്ള ആധുനികരീതികള്‍ ഏര്‍പ്പെടുത്തുന്നതിനുള്ള സാദ്ധ്യതകള്‍ പരിശോധിക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഭവനരഹിതർക്കുള്ള "ഗൃഹശ്രീ" ഭവന പദ്ധതി

*621 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഭവനരഹിതരെ സഹായിക്കാൻ കൊണ്ടുവന്ന "ഗൃഹശ്രീ" ഭവന പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടം വരെയായി; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടപ്പു സാമ്പത്തിക വർഷം ഭവനരഹിതരായ എത്ര പേരെ സഹായിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ ഇനത്തിൽ നടപ്പുസാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>ആധാർകാർഡിനായി ശേഖരിച്ച വിവരങ്ങൾ</u>

*T622 ശ്രീ. ഇ. പി. ജയരാജൻ
,, പി. റ്റി. എ റഹീം
ശ്രീമതി കെ.കെ. ലതിക
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധാർ കാർഡിനായി സംസ്ഥാനത്തെ മൂന്നു കോടി വ്യക്തികളിൽ നിന്ന് ശേഖരിച്ച ബയോമെട്രിക് വിവരങ്ങൾ സ്വകാര്യ ഏജൻസിക്ക് നിയമവിരുദ്ധമായി കൈമാറിയത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) ആധാർ കാർഡിനായി വിവരങ്ങൾ യു. ഐ.ഡി അതോറിറ്റിക്ക് കൈമാറാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; വിവരങ്ങൾ സ്വന്തമായി സൂക്ഷിക്കാൻ സംസ്ഥാനം പ്രത്യേക അനുമതി വാങ്ങിയ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ സംവിധാനത്തിൽ സൂക്ഷിക്കേണ്ടിയിരുന്ന സെർവറും സോഫ്റ്റുവെയറും എങ്ങനെ സ്വകാര്യസ്ഥാപനത്തിലെത്തിയെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ വീഴ്ചകൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; വീഴ്ച വരുത്തിയവർക്കെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവ പൂർണ്ണമായും സർക്കാർ സംവിധാനത്തിലേക്ക് മാറ്റി സൂക്ഷിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>എമര്‍ജിംഗ് കേരളയിലെ പദ്ധതികള്‍ക്ക് ഭൂമി</u>

*623 ശ്രീ. എം. ചന്ദ്രന്‍
,, എം. എ. ബേബി
,, എസ്. രാജേന്ദ്രന്‍
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എമര്‍ജിംഗ് കേരളയില്‍ സമര്‍പ്പിച്ച പദ്ധതികള്‍ക്ക് ഭൂമി നല്‍കുന്നതില്‍ സ്വീകരിച്ച നിലപാടുകള്‍ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി സമര്‍പ്പിച്ച പല സ്ഥാപനങ്ങളും സര്‍ക്കാര്‍ ഭൂമി ലക്ഷ്യം വച്ചവരാണെന്നുളള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടായിരുന്നുവോ;

(സി) എമര്‍ജിംഗ് കേരളയില്‍ സമര്‍പ്പിച്ച പദ്ധതികള്‍ക്ക് സര്‍ക്കാര്‍ ഭൂമി നല്‍കില്ല എന്ന മുന്‍ നിലപാടില്‍ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) എമര്‍ജിംഗ് കേരളയില്‍ സമര്‍പ്പിച്ച പദ്ധതിക്ക് ഭൂമി നല്‍കുന്നതിന് നീക്കമുണ്ടെങ്കില്‍ ഏത് തരത്തിലുളള ഭൂമിയാണ് കണ്ടെത്തുന്നതെന്നും, ഭൂമി നല്‍കുന്നതിനുളള മാനദണ്ഡം എന്തായിരിക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഭൂമി ആവശ്യപ്പെട്ട സംരംഭങ്ങള്‍ ഏതെല്ലാമാണ്?

# കേരള നിയമസഭ
# 09.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടി ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ</u>

*624 ശ്രീ. കെ. രാധാകൃഷ്ണൻ
.. കെ. വി. വിജയദാസ്
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മത സ്ഥാപനങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും അനാഥാലയങ്ങളിലേയ്ക്കും അട്ടപ്പാടിയിലെ ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ കടത്തിക്കൊണ്ടുപോകുന്ന കുട്ടികളെ ഉപയോഗിച്ച് സ്ഥാപനങ്ങൾ വൻതോതിൽ ഫണ്ടുകൾ നേടിയെടുക്കുന്നതായ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ആദിവാസി ഊരുകളിൽ നിന്നും കുട്ടികളെ കൊണ്ടുപോകുന്നത് ഏതെങ്കിലും അധികാരികളുടെ അറിവോടും അനുമതിയോടും കൂടിയാണോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആദിവാസി ഊരുകളിൽ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളുടെയും മറ്റ് ജീവിത സാഹചര്യങ്ങളുടെയും അപര്യാപ്തത മുതലെടുത്താണ് ഇത്തരം സ്ഥാപനങ്ങൾ കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതെന്ന ആക്ഷേപത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പുതുക്കിയ സപ്ലൈകോഡ്</u>

*625 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, എ. കെ. ബാലൻ
,, കെ. ദാസൻ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോക്താക്കളും വൈദ്യുതി ബോർഡും തമ്മിലുള്ള ഇടപാടുകളിലെ നടപടിക്രമങ്ങളും ചട്ടങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പുതുക്കിയ സപ്ലൈ കോഡ് എന്നുമുതലാണ് നിലവിൽ വന്നത് ; പുതുക്കിയ സപ്ലൈകോഡ് നടപ്പാക്കുന്നതിൽ എന്തെങ്കിലും അവ്യക്തതകൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(ബി) സപ്ലൈകോഡിലെ വ്യവസ്ഥകളും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ റെഗുലേഷനുകളും തമ്മിൽ എന്തെങ്കിലും തരത്തിലുള്ള വൈരുദ്ധ്യങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>പ്രസരണ - വിതരണ നഷ്ടങ്ങൾ</u>

*626 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, എ. എം. ആരിഫ്
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വൈദ്യുതി ശൃംഖലകളിൽ ഉണ്ടാകുന്ന പ്രസരണ നഷ്ടവും വിതരണ നഷ്ടവും എത്ര വീതമാണെന്ന് അറിയിക്കുമോ;

(ബി) ഇത് എത്ര വീതമായി കുറയ്ക്കണമെന്നാണ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളത്;

(സി) റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് നഷ്ടം കുറയ്ക്കാൻ കഴിയാത്തതിന് പ്രത്യേക കാരണങ്ങൾ എന്തെങ്കിലുമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

വാണിജ്യനികുതി പരിശോധനയ്ക്ക് സ്കാനിംഗ് മെഷീനുകൾ

*627 ശ്രീ. വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യനികുതി പരിശോധനാകേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്ക്കരണം

*628 ശ്രീ. ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

*629 ശ്രീ. ബി. ഡി. ദേവസ്സി
,,കോടിയേരി ബാലകൃഷ്ണൻ
,, എസ്. ശർമ്മ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത നിലയത്തിന്റെ പാരിസ്ഥിതികാനുമതി പുന:സ്ഥാപിക്കാൻ കേന്ദ്രസർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിക്കുള്ളിൽനിന്ന് പദ്ധതിക്ക് അനുമതി കിട്ടാൻ സാദ്ധ്യതയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ഏതെങ്കിലും കോടതികളിൽ കേസുകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; ഇതിൽ എന്തു തുടർനടപടിയാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 09.07.2014-ലെ മറുപടിക്ക്

<u>സൗരോർജ്ജോപയോഗം സാർവ്വത്രികമാക്കാൻ നടപടി</u>

*630

ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് കൊല്ലത്തിനകം സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് സൗരോർജം പുതുതായി ഉപയോഗിക്കുവാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വ്യവസായസ്ഥാപനങ്ങൾക്ക് സൗരോർജം ലഭ്യമാക്കുന്നതിനായി എത്ര കോടി രൂപ ഉപയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) അനെർട്ട്, കെൽട്രോൺ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സൗരോർജം ഗാർഹിക ഉപഭോക്താവിന് സബ്സിഡി നിരക്കിൽ ലഭ്യമാക്കുവാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 30.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ചട്ടം 47(1)]

"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.